A1/79/2018/FWLD

സ.ഉ.(സാധാ) നം.567/2022/F&WLD

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - അച്ചടക്ക നടപടി - പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ചൂളന്നൂർ മയിൽ സങ്കേതത്തിലെ പ്രകൃതി പഠന ക്ലാസ് ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ - പീച്ചി വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ.സാജു വർഗ്ഗീസിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.567/2022/F&WLD    തീയതി,തിരുവനന്തപുരം, 14-12-2022

പരാമർശം:-

1. 06.12.2013 ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ഡയറക്ടറുടെ ഇ9(ക്യൂവി 31/12/പികെഡി)3592/12 നമ്പർ കത്ത്.
2. 25.06.2015 ലെ വിജിലൻസ് വകുപ്പിന്റെ 258/ഇ4/2014/വിജി നമ്പർ കത്ത്.
3. 17.05.2016-ലെ 8436/എ1/2015/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.
4. 18.04.2018-ലെ സ.ഉ.(സാധാ)നം. 179/2018/വനം നമ്പർ സർക്കാർ ഉത്തരവ്.
5. 01.03.2019-ലെ പറമ്പിക്കുളം കടുവാ സങ്കേതം ഡെപ്യൂട്ടി ഡയറക്ടറുടെ E-998/2018 നമ്പർ കത്ത്.
6. 21.06.2021-ലെ എ1/79/2018/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. 06.08.2021-ലെ ശ്രീ.സാജു വർഗ്ഗീസ്, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ വിശദീകരണം.
8. 10.09.2021-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-36392/15 നമ്പർ കത്ത്.
9. 08.11.2022-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/5367/2022/B9 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ചൂളന്നൂർ മയിൽ സങ്കേതത്തിലെ പ്രകൃതി

പഠന ക്ലാസ് ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ക്വിക്ക് വെരിഫിക്കേഷൻ നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ടി റിപ്പോർട്ടിലെ ശുപാർശ അംഗീകരിച്ച് മറ്റ് കുറ്റാരോപിതർക്കൊപ്പം അന്നത്തെ വൈൽഡ് ലൈഫ് വാർഡനായിരുന്ന ശ്രീ.സാജുവർ ഗ്ഗീസിനെതിരെ (നിലവിൽ ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്) താഴെപ്പറയുന്ന ചാർജ്ജുകൾ ഉൾപ്പെടുത്തി പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

1. H e neither supervise nor properly monitor the construction work of Nature awareness Camp shed at Choolannur Peafowl Sanctuary which collapsed after 3 years of its construction.

2. His lack of supervision caused a Government loss to the tune of Rs. 1,16,107/-.

3. He miserably failed in doing his duties which amounts to dereliction of duty.

കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിയുടെയും ആയതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം ( 4 ) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയും അന്വേഷണാധികാരി പരാമർശം (5) പ്രകാരം അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ശ്രീ.സാജുവർഗ്ഗീസിന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലമില്ലാതെ തടയുന്നതിനായി താല്ക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ പരാമർശം (7) പ്രകാരം വിശദീകരണം സമർപ്പിക്കുകയും ചെയ്തു. ടിയാന്റെ വിശദീകരണത്തിന്മേൽ പരാമർശം (8) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ.സാജു വർഗ്ഗീസ് പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ ചുമതലയേറ്റെടുത്തത് 07.03.2009 -ൽ ആണെന്നും ടി ചുമതലയേൽക്കുന്നതിന് മുമ്പ് തന്നെ ടി കെട്ടിടത്തിന്റെ ഫൗണ്ടേഷൻ സിൽ ലെവൽ, മുകൾ ഭിത്തിയുടെ നിർമ്മാണം, ലിന്റലിന്റെ ഭാഗിക നിർമ്മാണം വരെയുള്ള ഫസ്റ്റ് പാർട്ട് ബില്ലിൽ ഉൾപ്പെട്ട ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫസ്റ്റ് പാർട്ട് ബിൽ 11.03.2009-ന് ടിയാൻ പരിശോധിച്ച് പാസ്സാക്കിയിട്ടുണ്ടെന്നും, ഫസ്റ്റ് പാർട്ട് മെഷർമെന്റുകൾ രേഖപ്പെടുത്തിയത് അസിസ്റ്റന്റ് വൈൽഡ്ലൈഫ് വാർഡൻ ആയിരുന്ന ശ്രീ.വി.സജികുമാർ ആണെന്നും ടി കെട്ടിടത്തിന്റെ തകർച്ചയുടെ പ്രധാന കാരണം സിൽ ലെവൽ ഭാഗത്തെ joint failure ആയതിനാലും ശ്രീ.വി.സജികുമാറിനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കി തൽസമയത്ത് വാർഡന്റെ ചുമതല എടുത്തിട്ടില്ലാത്ത ഒരാളെ മാത്രമായി ഈ വിഷയത്തിൽ കുറ്റക്കാരനായി കണ്ടെത്തുന്നത് വസ്തുതകൾക്ക് വിരുദ്ധവും സ്വാഭാവിക നീതിയുടെ ലംഘനമാണെന്നും, 2009 മാർച്ച് മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 1 6 തവണ

ടിയാൻ ടി സ്ഥലം പരിശോധന നടത്തിയിട്ടുണ്ടെന്നും തൽസമയം ഡ്യൂട്ടിയിലുണ്ടായിരുന്ന സ്റ്റാഫുകൾ സ്ഥിരമായി കെട്ടിടനിർമ്മാണ മേൽനോട്ടച്ചുമതല വഹിച്ചിരുന്നുവെന്നും, കരാർ പ്രകാരം വേണ്ട വിധത്തിൽ ടി ജോലികൾ നിർവ്വഹിക്കുവാൻ കോൺട്രാക്ടർ ശ്രീ.സി.കെ.വിജയൻ ബാധ്യസ്ഥനാണെന്നും, ആയതിന്റെ പ്രാഥമിക ഉത്തരവാദിത്തം കോൺട്രാക്ടറിൽ നിക്ഷിപ്തമാണെന്നും കെട്ടിടം തകർന്നു വീണതിൽ ടിയാനും ഉത്തരവാദിയാണെന്നും, അന്വേഷണ വിചാരണ വേളയിൽ സ്വന്തം വീഴ്ച കോൺട്രാക്ടർ അംഗീകരിച്ചിട്ടുള്ളതിനാലും ടി സർക്കാർ നഷ്ടം കോൺട്രാക്ടറിൽ നിക്ഷിപ്തമാണെന്നും, പ്രകൃതി പഠന ക്യാമ്പിന്റെ എസ്റ്റിമേറ്റ്, ഡിസൈൻ മുതലായവ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അംഗീകരിച്ച് കോൺട്രാക്ട് നൽകുകയും ടിയാൻ ചുമതല ഏറ്റെടുക്കുന്നതിന് രണ്ട് മാസം മുമ്പ് മുതൽ നിർമ്മാണ ജോലികൾ ആരംഭിച്ച് ആദ്യ പാർട്ട് ബില്ലിലെ പണികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും, ടിയാൻ ചുമതല ഏറ്റെടുത്തതിന് ശേഷമുള്ള നിർമാണ ജോലികൾ ചൂലന്നൂർ മയിൽ സങ്കേതത്തിലെ വിവിധ പരിശോധനകളോടൊപ്പം ടിയാൻ നടത്തിയിട്ടുണ്ടെന്നും ആയതിനാൽ ആരോപിക്കപ്പെട്ട കുറ്റങ്ങളിൽ നിന്നും ഒഴിവാക്കണം എന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ തന്നെ കുറ്റവിമുക്തനാക്കണമെന്നും ശ്രീ.സാജു വർഗ്ഗീസ് പ്രതിവാദ പത്രികയിൽ അഭ്യർത്ഥിച്ചു.

ആരോപണവിധേയനായ ശ്രീ.സാജു വർഗ്ഗീസ് പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ ചുമതല ഏറ്റെടുത്തത് 07.03.2019-ൽ ആണ്. പോലീസ് വിജിലൻസിനെ കെട്ടിടം പരിശോധനയിൽ സഹായിച്ച P W D എഞ്ചിനീയറുടെ അഭിപ്രായത്തിൽ കെട്ടിടത്തിന്റെ തകർച്ചക്ക് പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ളത് സിൽ ലെവലിലെ മോർട്ടാറിന്റെ ബലക്കുറവാണ്. സിൽ ലെവലിലെ ജോലികളും അതിനു മുകളിലുള്ള ഭിത്തികളുടെ നിർമ്മാണവും ലിന്റലുകളുടെ ഭാഗീക നിർമ്മാണവും ശ്രീ.സാജു വർഗ്ഗീസ്, പീച്ചി വൈൽഡ്ലൈഫ് വാർഡനായി ചുമതലയേൽക്കുന്നതിനും ഒരു മാസം മുമ്പേ പൂർത്തീകരിച്ചിരുന്നു. അതായത് നിർമ്മാണം നടക്കുമ്പോൾ ആയത് പരിശോധിക്കുന്നതിനോ, മേൽ പണിക്ക് ഉപയോഗിച്ച നിർമ്മാണ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനോ, നിർമ്മാണത്തിന്റെ ഭാഗമായി ചെയ്യേണ്ട സംസ്കരണം (curing) ഉൾപ്പെടെയുള്ള കാര്യങ്ങൾ അടങ്കൽ സ്പെസിഫിക്കേഷൻ പ്രകാരമാണോ എന്ന് ഉറപ്പു വരുത്തുന്നതിനോ ആയതിന്മേൽ ബന്ധപ്പെട്ട വർക്കിന്റെ മേൽനോട്ട ചുമതല ഉള്ളവർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനോ ഉള്ള അവസരം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.സാജു വർഗ്ഗീസിന് ലഭ്യമായിട്ടില്ല. എന്നാൽ മേൽ കാര്യങ്ങൾ ശരിയാം വണ്ണം സൂപ്പർവൈസ് ചെയ്യുവാൻ അവസരം ലഭിച്ചിരുന്നതും, ടി വർക്കുകൾ സ്പെസിഫിക്കേഷൻ അനുസരിച്ചാണ് നടത്തിയിട്ടുള്ളതെന്ന് ഓരോ Item of work-ഉം പരിശോധിച്ച് ഉറപ്പു വരുത്തി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഉദ്യോഗസ്ഥനെ കെട്ടിടം തകർന്നതിന്റെ കുറ്റത്തിൽ നിന്നും പൂർണ്ണമായും കുറ്റവിമുക്തനാക്കിയിട്ടുമുണ്ടെന്നും, ഒരു സിവിൽ വർക്കിനെ സംബന്ധിച്ച് അതിന്റെ ഓരോ നിർമ്മാണ ഘട്ടത്തിലും നിർമ്മാണ വസ്തുക്കളുടെയും, മിശ്രിതങ്ങളുടെയും ഗുണമേന്മ ഉറപ്പു വരുത്തുവാൻ ടി ജോലികൾ നടക്കുന്ന സമയത്ത് നിർമ്മാണ വസ്തുക്കളുടെ സാമ്പിളുകളും മറ്റും ശേഖരിച്ച് ശാസ്ത്രീയ പരിശോധനകൾ നടത്തേണ്ടതുണ്ടെന്നും, ഇവിടെ ശ്രീ.സാജു വർഗ്ഗീസ് ചാർജ്ജ് എടുക്കുന്നതിന് മുമ്പ് നടന്ന വർക്കുകളിൽ അത്തരം പരിശോധനകൾ നടന്നോ എന്നു വ്യക്തമല്ല. കെട്ടിടം പൂർത്തിയായതിനു ശേഷം മാത്രം ചാർജ്ജിൽ എത്തുന്ന ഉദ്യോഗസ്ഥന്

മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ മാത്രമേ സാധിക്കുകയുള്ളൂ. കെട്ടിട നിർമ്മാണത്തിനുപയോഗിച്ച വസ്തുക്കളുടെ ഉറപ്പ് പരിശോധിക്കുന്നതിലേക്കായി ടി നിർമ്മാണം പൊളിച്ച് പരിശോധിക്കുന്നത് പ്രായോഗികമല്ല. പാളിച്ചകൾ പുറമേക്ക് പ്രത്യക്ഷത്തിൽ ഉണ്ടെങ്കിൽ മാത്രമേ ആയത് പരിശോധനാ വേളയിൽ ചെക്ക് മെഷർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുകയുള്ളൂ. ഇവിടെ മൂന്നു വർഷം കഴിഞ്ഞാണ് കെട്ടിടം തകർന്നു വീണത്. തകർച്ചക്ക് പ്രധാന കാരണം സിൽ ലെവലിലെ മോർട്ടാറിന്റെ ബലക്ഷയം മൂലമാണെന്ന് P W D എഞ്ചിനീയർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ടി സിൽലെവൽ വർക്കുകൾ പണി നടക്കുമ്പോൾ പരിശോധിക്കുവാനോ വേണ്ട മുൻകരുതലുകൾ എടുക്കുവാനോ ഉള്ള അവസരം വാർഡൻ അല്ലാതിരുന്നതിനാൽ ശ്രീ.സാജു വർഗ്ഗീസിന് നിഷേധിക്കപ്പെട്ടിട്ടുണ്ട്. 17.11.2009-ൽ ലിന്റൽ ലെവൽ മുതൽ കെട്ടിടം പൂർത്തിയാകുന്നത് വരെയുള്ള അളവുകൾ രേഖപ്പെടുത്തിയത് അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ ആയ ശ്രീ.കെ.ജെ.കുര്യാക്കോസ് ആണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും ടിയാൻ മെഷർമെന്റ് ബുക്കിൽ measured by me എന്ന് രേഖപ്പെടുത്താതെ check measure on 17.11.2009 എന്നാണ് എഴുതി ഒപ്പിട്ടിരിക്കുന്നത്. മേൽ പ്രവർത്തികളിൽ നിന്നും ടി കെട്ടിടം പണി നടന്നു വരുന്ന വേളയിൽ അതിന്റെ ഓരോ ഘട്ടത്തിലും ഗുണമേൻമയും, അളവും ഉറപ്പ് വരുത്തേണ്ട അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻമാർ ടി ഉത്തരവാദിത്തം നിറവേറ്റാതെ ഒഴിഞ്ഞുനിന്നതായി കാണാവുന്നതാണ്. ലിന്റൽ ലെവൽ മുതൽ കെട്ടിടം പൂർത്തിയാകുന്നത് വരെ ശ്രീസാജു വർഗ്ഗീസായിരുന്നു പീച്ചി വൈൽഡ് ലൈഫ് വാർഡൻ. ടി കാലയളവിൽ ടിയാൻ നിരവധി തവണ ചൂലന്നൂർ മയിൽ സങ്കേതത്തിൽ പരിശോധന നടത്തിയിട്ടുള്ളതായി ടൂർ ഡയറിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന്റെ പണി പൂർത്തിയായ ശേഷം ശരിയായ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ ഫൈനൽ ബില്ല് പാസ്സാക്കിയതിൽ ടിയാന്റെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ട്. അത്തരത്തിൽ സിൽ ലെവലിലെ പണികൾ നടക്കുമ്പോൾ പരിശോധനക്കോ, മേൽ നോട്ടത്തിനോ അവസരം നിഷേധിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥനെതിരെയുള്ള ശിക്ഷ അന്തിമമാക്കുന്നതിന് മുമ്പ് ടിയാൻ സമർപ്പിച്ചിട്ടുള്ള വിശദീകരണങ്ങൾ മേൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ കൂടി പരിഗണിക്കപ്പെടേണ്ടതാണെന്നും, പരാമർ ശം ( 8 ) പ്രകാരം ഭരണ വിഭാഗം **അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്** അഭിപ്രായപ്പെട്ടിട്ടുണ്ട്.

2009 നവംബർ മാസം പണി പൂർത്തിയായ കെട്ടിടം മൂന്ന് വർഷത്തിനുള്ളിൽ തന്നെ തകർന്ന് വീഴുകയും സ.ഉ.(പി) 161/19/ഫിൻ. തീയതി 25.11.2019 ഉത്തരവ് പ്രകാരം സിവിൽ വർക്കുകളുമായി ബന്ധപ്പെട്ട കോൺട്രാക്ടർമാരുടെ ലയബിലിറ്റി പിരീഡ് 5 വർഷത്തേക്ക് നിലനിൽക്കുന്നതിനാൽ മേൽ വിഷയവുമായി ബന്ധപ്പെട്ട സർക്കാർ നഷ്ടം തിരിച്ചുപിടിക്കാൻ ഉത്തരവായിട്ടുണ്ടെന്നും, പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിൽ നിന്ന് 13.07.2021, 24.08.2021 എന്നീ തീയതികളിൽ സർക്കാർ നഷ്ടമായ 1,16,107/- രൂപ ഒടുക്കുന്നതിനായി കോൺട്രാക്ടർ ശ്രീ.സി.കെ.വിജയന് കൗണ്ടർ സൈൻഡ് ചെല്ലാൻ നൽകിയെങ്കിലും ടിയാൻ ടി തുക അടയ്ക്കുകയുണ്ടായില്ലെന്നും, തുടർന്ന് 05.07.2022-ൽ ടിയാൻ മരണപ്പെടുകയും ടി കേസിലെ ബാധ്യത സംബന്ധിച്ച അനന്തര നടപടികൾ തുടർന്ന് പോകുവാൻ താല്പര്യമില്ലാത്തതിനാൽ പ്രസ്തുത തുക അടച്ച് തീർക്കുന്നതിന് ടിയാന്റെ അനന്തര അവകാശിയായ മകൾ കൃഷ്ണ വിജയൻ അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കു കൗണ്ടർ സൈൻഡ് ചെല്ലാൻ നൽകുകയും ചെയ്തു. 27.10.2022-ൽ തൃശ്ശൂർ ജില്ലാ ട്രഷറിയിൽ കൃഷ്ണ വിജയൻ

സർക്കാർ നഷ്ടമായ 1,16,107/- രൂപ അടയ്ക്കുകയും ടി ചെല്ലാൻ പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും, ഈ വിഷയത്തിലുള്ള സർക്കാർ നഷ്ടം പൂർണ്ണമായും ഈടാക്കിയിട്ടുണ്ടെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (9) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്

മേൽ വിവരിച്ച വസ്തുതകളുടേയും കുറ്റാരോപിതന്റെ വിശദീകരണത്തിന്റെയും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ വിഷയത്തിൽ ഉൾപ്പെട്ട അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനെ കുറ്റവിമുക്തനാക്കിയ സാഹചര്യവും സർക്കാർ നഷ്ടമായ 1,16,107/- രൂപ കരാറുകാരന്റെ അനന്തരാവകാശികൾ ഒടുക്കിയ സാഹചര്യവും പരിഗണിച്ച് ശ്രീ.സാജു വർഗ്ഗീസ്, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &

ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സാജു വർഗ്ഗീസ്, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ

വിജിലൻസ് (ഇ) വകുപ്പ് (12.12.2020-ലെ Vig.E4/22/2021/Vig.)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 14-12-2022 17:07:50
സെക്ഷൻ ഓഫീസർ